പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 7675

15-07-14 - ൽ മറുപടിയ്ക്ക്

**മത്സ്യത്തൊഴിലാളികൾക്കായി ഇൻഷ്വറൻസ് പരിരക്ഷ**

| ചോദ്യം | | | ഉത്തരം |
|---|---|---|---|
| | **ശ്രീ.എ.റ്റി.ജോർജ്:<br>ശ്രീ.റ്റി.എൻ.പ്രതാപൻ:<br>ശ്രീ.ഷാഫി പറമ്പിൽ:<br>ശ്രീ.ജോസഫ് വാഴക്കൻ:** | | **ശ്രീ. കെ. ബാബു<br>മത്സ്യബന്ധനവും തുറമുഖവും എക്സൈസും<br>വകുപ്പ് മന്ത്രി** |
| എ) | സ്വാഭാവിക മരണം സംഭവിക്കുന്ന മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം; | എ) | സ്വാഭാവിക മരണം സംഭവിക്കുന്ന മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്ക് ധനസഹായം നൽകുന്ന ആം ആദ്മി ബീമാ യോജന എന്ന ഇൻഷുറൻസ് പദ്ധതി മിഷൻ 676 ൽ ഉൾപ്പെടുത്തുകയും സ.ഉ (സാധാ) 581/14/മതുവ തീയതി 08.07.2014 പ്രകാരം ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പദ്ധതി കേന്ദ്രസംസ്ഥാന സർക്കാരുകളുടെ സഹായത്തോടെയാണ് നടപ്പിലാക്കുന്നത്. ടി പദ്ധതി പ്രകാരം മത്സ്യത്തൊഴിലാളി ആത്മഹത്യ ഒഴികെ ഏതു സാഹചര്യത്തിൽ മരണപ്പെട്ടാലും ആശ്രിതർക്ക് ധനസഹായമായി 30000/- രൂപ ലഭിക്കുന്നു. അപകടം മൂലമാണ് മരണപ്പെടുന്നതെങ്കിൽ 70000/- രൂപ ധനസഹായമായി ലഭിക്കുന്നു. |
| ബി) | എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതിവഴി കൈവരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ; | ബി) | കേരളത്തിലെ 309716 മത്സ്യത്തൊഴിലാളി/അനുബന്ധത്തൊഴിലാളികൾക്ക് ഇൻഷുറൻസ് പരിരക്ഷ ഉറപ്പുവരുത്തുകയാണ് ലക്ഷ്യം. |
| സി) | പദ്ധതിക്ക് അർഹരായവരെ കണ്ടെത്തുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; | സി) | മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വമെടുത്ത മത്സ്യ/അനുബന്ധത്തൊഴിലാളികൾ പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കളായി വരുന്നു. |
| ഡി) | ഇതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ? | ഡി) | ആം ആദ്മി ബീമാ യോജന പദ്ധതി നടപ്പിലാക്കുന്നതിനുള്ള അനന്തര നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ